## 1246

*രീതി: സങ്കടം സമസ്തവും*

ആശിസ്സേകണം വധൂവരർക്കിന്നു നീ-പരനേശുനാഥനേ!
കനിഞ്ഞു സ്വർഗ്ഗീയമാം-പര-മാശി

1 പണ്ടു നീ ഗലീലയിലെ കാനാവിങ്കൽ-ചെന്നു-
കൊണ്ടവർക്കുവേണ്ടി ജലം ദ്രാക്ഷാരസ-മാക്കി-
യിണ്ടലാകവേയകറ്റിയെന്നോണമി-ന്നു പ്ര-
സാദമോടിറങ്ങിവന്നു നൽകേണമേ ശുഭം-

2 സ്നേഹബന്ധനങ്ങളാലെ യോജിച്ചവർ ഒരു
ദേഹമായ് വിളങ്ങിടുന്നതിന്നേകണം-വരം
ഏകാശ്രയം പ്രവൃത്തി സംഭാഷണ-മിവ-
യാകവേ വിശിഷ്ടമാം വിധം കാണുവാൻ-നിത്യം- **E.I.J.**